# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1635

3/10/2011 ൽ മറുപടിക്ക്

**രണ്ടു രൂപ നിരക്കിൽ അരി വിതരണം**

**ചോദ്യം**

ശ്രീ.എം. ഹംസ

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) ഒരു കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ എത്ര കുടുംബങ്ങൾക്ക് അരി നൽകുവാനായിരുന്നു സർക്കാർ തീരുമാനിച്ചിരുന്നത്; അർഹതയുള്ള കുടുംബങ്ങൾ എത്ര യെന്ന് കണ്ടെത്തിയിരുന്നു വോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(എ) സംസ്ഥാനത്തെ മുഴുവൻ എ.പി.എൽ കാർഡുടമകളെയും താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി 2/- രൂപ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിരുന്നത്.

1. രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ള കുടുംബങ്ങൾ
2. പ്രതിമാസം 25000/- രൂപയിൽ കുറഞ്ഞ കുടുംബ വരുമാനമുള്ളവർ
3. 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള വീടുള്ള കുടുംബങ്ങൾ

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സത്യവാങ്മൂലം നല്കുന്നത് 25-05-2011 വരെ സമയം അനുവദിച്ചിരുന്നു. നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഇപ്രകാരം സത്യവാങ്മൂലം നല്കിയ 45.39 ലക്ഷം എ.പി.എൽ കുടുംബങ്ങൾ 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നല്കുന്ന പദ്ധതിയിൽ ഉൾപ്പെടുകയുണ്ടായി. പിന്നീട്,നേരത്തേ സത്യവാങ്മൂലം നല്കിയിരുന്നവർ ഫോട്ടോ പതിച്ച സത്യവാങ്മൂലം നല്കണം എന്ന നിബന്ധന വയ്ക്കുകയുണ്ടായി. ഫോട്ടോ പതിച്ച, പുതുക്കിയ സത്യവാങ്മൂലം നല്കുന്നതിന് 11/08/2011 വരെ സമയം അനുവദിക്കുകയുണ്ടായി. ഇതിൻ പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ടവരുടെ എണ്ണം 42.86 ലക്ഷമാണ്.

കയുണ്ടായി എന്നും വ്യക്തമാക്കാമോ;

[illegible] പ നാൽ പരിഗണിക്കുകയുണ്ടായില്ല. തുടർന്ന് ആദ്യഘട്ടത്തിൽ ഫോട്ടോ പതിക്കാത്ത അപേക്ഷകൾ നല്കിയവരിൽ നിന്ന് ഫോട്ടോ പതിച്ച അപേക്ഷകൾ നല്കാൻ 11/08/2011 വരെ സമയം അനുവദിക്കുകയുണ്ടായി. ഇതിനായി 3705024 അപേക്ഷകൾ ലഭിച്ചു. ഇതിൽ3560248 എണ്ണം പരിഗണിക്കുകയുണ്ടായി. (പുതുതായി ലഭിച്ച അപേക്ഷകൾ നിരസിക്കുകയുണ്ടായി). നിലവിൽ 42.86 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഒരു കാർഡുടമയ്ക്ക് എത്ര കിലോ അരി നൽകുവാനാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിനായി എത്ര അരി ആവശ്യമായിവന്നുവെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒരു എ.പി.എൽ കാർഡുടമയ്ക്ക് പ്രതിമാസം പരമാവധി 12 കിലോഗ്രാം വരെ അരി വിതരണം ചെയ്യുന്നതിനാണ് നിശ്ചയിച്ചിട്ടുളളത്. അർഹതയുളള എല്ലാ കാർഡുടമകൾക്കും (42.86 ലക്ഷം) 12 കിലോ അരി വിതരണം ചെയ്യുന്നതിനായി 51432 മെ.ടൺ അരി ആവശ്യമുണ്ട്. 2011 ഒക്ടോബർ മാസത്തിൽ ഇതിനായി 36816 മെ.ടൺ അരി അനുവദിച്ചിട്ടുണ്ട്.

(ഡി) 2011 ജൂൺ മുതൽ നാളിതുവരെ വിതരണം ചെയ്ത അരി എത്ര; ഈ പദ്ധതി എത്ര കുടുംബങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ; കിലോക്ക് ഒരു രൂപ നിരക്കിൽ എത്ര കുടുബങ്ങൾക്ക് അരി നൽകുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുളളത്; ഓരോ കുടുബങ്ങൾക്കും എത്ര കിലോ വീതം അരി നൽകുവാനാണ് പദ്ധതിയിടുന്നത്; കിലോക്ക് ഒരു രൂപ നിരക്കിലുള്ള അരി വിതരണത്തിനായി എത്ര ക്വിന്റൽ അരി ആവശ്യമായി വരും?

(ഡി) 2011 ജൂൺ മുതൽ 24/09/2011 വരെ 132857 മെ.ടൺ അരി എ.പി.എൽ വിഭാഗത്തിനും 2011 ജൂൺ മുതൽ ആഗസ്ത് വരെ 115817 മെ.ടൺ ബി.പി.എൽ വിഭാഗത്തിനും 61570 മെ.ടൺ അരി എ.എ.വൈ വിഭാഗത്തിനും വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി 43.50 ലക്ഷം എ.പി.എൽ കുടുംബങ്ങളും 14.6 ലക്ഷം ബി.പി.എൽ. കുടുംബങ്ങളും 5.95 ലക്ഷം എ.എ.വൈ കുടുംബങ്ങളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എല്ലാ ബി.പി.എൽ/ എ.എ.വൈ കുടുംബങ്ങൾക്കും ഒരു രൂപ നിരക്കിൽ അരി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. BPLന് 25 കിലോയും AAYക്ക് 35 കിലോയും വീതം അരിക്കാണ് അർഹതയുളളത്. ഒരു രൂപ നിരക്കിലുളള അരി വിതരണത്തിനായി 365183 ക്വിന്റൽ അരി ബി.പി.എൽ വിഭാഗത്തിനും 208530 ക്വിന്റൽ അരി എ.എ.വൈ വിഭാഗത്തിനും ഏകദേശം 1500 ക്വിന്റൽ അരി അനാഥാലയങ്ങൾക്കും ആവശ്യമായി വരും.

(ഇ) ഒരു കിലോയ്ക്ക് 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന അരിയും, ഒരു കിലോയ്ക്ക് 1 രൂപ നിരക്കിലുള്ള അരിയും തമ്മിൽ ഗുണനിലവാരത്തിൽ അന്തരമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഗുണനിലവാരത്തിൽ വ്യത്യാസമില്ല. എല്ലാ വിഭാഗം അരിയും എഫ്.സി.ഐ.യിൽ നിന്നോ സപ്ലൈകോയിൽ നിന്നോ ലഭ്യമാകുന്നതു തന്നെയാണ്. അരിയുടെ നിരക്കിന് അനുസരിച്ച് ഗുണനിലവാരം മാറുന്നില്ല.

(എഫ്) കിലോയ്ക്ക് ഒരു രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്ന അരി ഗുണനിലവാരം ഇല്ലാത്തതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാധാരണ റേഷൻ വിതരണത്തിനുള്ള അരി തന്നെയാണ്. 1/- രൂപ നിരക്കിലും വിതരണം ചെയ്തു വരുന്നത്.

സെക്ഷൻ ഓഫീസർ.